പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1826

10/03/2020 ൽ മറുപടി നല്കേണ്ടത്.

# മാനസികാരോഗ്യ സംരക്ഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.സ്വരാജ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ജനങ്ങളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ / പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) ജനങ്ങളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് ദേശീയ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി 1999 ൽ കേരളത്തിൽ ജില്ലാ മാനസികാരോഗ്യ പരിപാടി ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പരിപാടി സജീവമായി നടത്തി വരുന്നു. പ്രാഥമികാരോഗ്യ തലത്തിൽ മാനസിക രോഗ ചികിത്സ ലഭ്യമാക്കുകയാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. മാനസിക രോഗ ചികിത്സയിൽ കഴിയുകയും, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു കഴിയുകയും ചെയ്യുന്ന രോഗികളുടെ പുനരധിവാസത്തിനായി സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ പകൽ വീടുകൾ പ്രവർത്തിച്ചു വരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം ജില്ലകളിൽ 3 വീതവും, മറ്റ് ജില്ലകളിൽ 2 വീതവും കേന്ദ്രങ്ങൾ ഉൾപ്പെടെ ആകെ 34 പകൽ വീടുകൾ പ്രവർത്തിക്കുന്നുണ്ട്. ടി കേന്ദ്രങ്ങളിൽ രോഗികൾക്കുള്ള മരുന്ന്, തുടർ ചികിത്സ, തൊഴിൽ പരിശീലനം, ഭക്ഷണം, മറ്റ് മനശാസ്ത്ര ചികിത്സകൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. കൂടാതെ കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത എന്നിവ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാമും സമഗ്രമാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തി വരുന്നു. വിഷാദ രോഗമുള്ളവരെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആശ്വാസം എന്ന പേരിൽ വിഷാദ രോഗ ക്ലിനിക്കുകളും |

ആശമാരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങളും, വൈകല്യങ്ങളും ഉള്ളവരെ കണ്ടെത്തി കുടുംബാരോഗ്യകേന്ദ്രങ്ങളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കുന്ന "സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി," ഗർഭിണികളായ സ്ത്രീകൾക്കും, പ്രസവാനന്തരം അമ്മമാർക്കും പ്രത്യേക മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി " അമ്മമനസ്സ്," ആദിവാസി മേഖലകളിൽ കൂടുതലായി കണ്ടു വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗവും, കുട്ടികളിലെ മാനസിക പ്രശ്ങ്ങൾ, ആത്മഹത്യ എന്നിവ പരിഹരിക്കുന്നതിനായി " ട്രൈബൽ മെന്റൽ ഹെൽത്ത്," സമൂഹത്തിൽ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനും ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ, അവബോധം സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ട് ആത്മഹത്യാ പ്രതിരോധ പദ്ധതി, എന്നിവയും നടത്തി വരുന്നുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമയായവരെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ 20 ഉം എക്സ്സൈസ് വകുപ്പിന്റെ സഹായത്തോടെ 14 ഉം ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ കൂടുതൽ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

(ബി) മാനസികാരോഗ്യ പദ്ധതികൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടുത്ത സാമ്പത്തിക വർഷം സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി 380 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ/ഗ്രാമ പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നുണ്ട്. ഇതുവഴി കൂടുതൽ പേർക്ക് മാനസിക രോഗ ചികിത്സ അവരുടെ തൊട്ടടുത്ത കുടുംബാരോഗ്യകേന്ദ്രത്തിൽ തന്നെ ലഭ്യമാക്കാൻ കഴിയും. കൂടാതെ നഗര പരിധിയിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കായി "അർബൻ മെന്റൽ ഹെൽത്ത്", ആഫീസുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്ട്രസ്സ് മാനേജ്മെന്റ് പ്രോഗ്രാം എന്നിവ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ